(1)	(2)		(3)
8	കോഴിക്കോട്	1	എടച്ചേരി
9	കാസർഗോഡ്	1	ഉദുമ
10	കോട്ടയം	1	വൈക്കം
	ആകെ	20	

(ബി) ഇതു സംബന്ധിച്ച ഒരു കത്തു ലഭിച്ചതല്ലാതെ പദ്ധതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല

പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

231 (1969) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) മിനി ഫിഷിംഗ് ഹാർബറിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നിരീക്ഷണപഠനം നടത്തിയതിൽ ടി സ്ഥലം പ്രാഥമിക ഇൻവെസ്റ്റിഗേഷനിൽ തന്നെ ഫിഷിംഗ് ഹാർബറിന് ഒട്ടും അനുയോജ്യമല്ലെന്ന് കണ്ടെത്തിയിരുന്നു.

(സി) പരവൂരിനടുത്തു തന്നെ ചില്ലിക്കൽ എന്ന സ്ഥലം ഹാർബർ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അവിടെ പ്രാഥമിക ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി ടൈഡൽ ഒബ്സർവേഷൻ നടത്തുകയും ഹൈഡ്രോഗ്രാഫിക് വകുപ്പ് സൗണ്ടിംഗ് എടുക്കുകയും ചെയ്തിട്ടുണ്ട്. ഫിഷിംഗ് ഹാർബറിനുവേണ്ടി ചില്ലിക്കൽ എന്ന സ്ഥലത്ത് ഇൻവെസ്റ്റിഗേഷനും തുടർപഠനങ്ങളും നടത്തി അനുയോജ്യത നിർണ്ണയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

232 (1990) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടംവരെയായി എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടത്തിന് പരിസ്ഥിതി പ്രശ്നം സംബന്ധിച്ച ക്ലിയറൻസ് ആവശ്യമാണോ ;

(ഡി) ഇത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ ഇനിയും കാലതാമസം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ 140 മീറ്റർ നിളത്തിൽ രണ്ട് സൈഡിലുള്ള പുലിമുട്ടുകൾ ടോയ്ലറ്റ് സൗകര്യമടക്കമുള്ള മറ്റ് സൗകര്യവും പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്

(ബി) രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പരിസ്ഥിതി പഠനം പൂർത്തിയായതിനുശേഷം CESS, Pollution Control Board, എന്നിവരുടെ ശിപാർശകൾ ലഭ്യമാക്കി Science and Technology വകുപ്പ് മുഖാന്തരം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയശേഷം 75% കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ കേന്ദ്ര അനുവാദം ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

(സി) ഒന്നാംഘട്ട നിർമ്മാണത്തിന് 5 കോടി രൂപയ്ക്ക് കേന്ദ്ര പരിസ്ഥിതി അനുവാദം ലഭിച്ചിട്ടുള്ളതിനാൽ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിന് പരിസ്ഥിതി പ്രശ്നം സംബന്ധിച്ച ക്ലിയറൻസ് ആവശ്യമുണ്ടായെന്ന് സയൻസ് ആന്റ് ടെക്നോളജി വകുപ്പിനോട് ആരാഞ്ഞിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പരിസ്ഥിതി പഠനം പൂർത്തിയായതിനുശേഷം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 75% കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ കേന്ദ്ര അനുമതിയും കൂടി ലഭ്യമായാൽ മാത്രമേ ഹാർബർ നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളു.

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ വികസനം

233 (1991) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനു വേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും ഇത് പൂർത്തിയാക്കാൻ ഇനി എത്ര തുക വേണ്ടിവരും എന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly